**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 58** **07-10-2024 - ൽ മറുപടിയ്ക്ക്**

**സി-ഡിറ്റിലെ ക്രമക്കേടുകൾക്കെതിരെ പ്രാഥമിക അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സി-ഡിറ്റിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മാതൃവകുപ്പായ ഐ.ടി. വകുപ്പിന് 2024 ആഗസ്റ്റ് മാസം വിജിലൻസ് കത്തുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (എ) | ഉണ്ട് .പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത കത്തുകളിന്മേൽ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ; പ്രാഥമിക അന്വേഷണത്തിന് അനുമതി നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ? വിജിലൻസ് ? | (ബി) | ഉണ്ട് .പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**VERY URGENT**

**"ഭരണഭാഷ- മാതൃഭാഷ"** **കേരള സർക്കാർ**

നം.വിജി-എ2/204/2024-വിജി
വിജിലൻസ് (എ) വകുപ്പ്
തിരുവനന്തപുരം
തിയതി: 12-07-2024

അനൗദ്യോഗിക കുറിപ്പ്

വിഷയം:- വിജിലൻസ് വകുപ്പ് -സി-ഡിറ്റിന്റെ പർച്ചേയ്സ് മാനുവൽ പ്രകാരമുള്ള നിബന്ധനകൾ പ്രൊക്വയർമെന്റിൽ ശരിയാംവിധം പാലിക്കുന്നില്ല എന്ന ആരോപണം- വകുപ്പുതല പരിശോധന നടത്തുന്നത് - സംബന്ധിച്ച്.

സൂചന:- വിജിലൻസ് ഡയറക്ടറുടെ 27.03.2024-ലെ ഇ20-(എസ്.സി.36/2023/എസ്.ഐ.യു.2)35502/2023/DVACB നമ്പർ കത്ത്

സൂചനയിലേക്കു വിവരസാങ്കേതിക വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാവുന്നതാണ്. സി-ഡിറ്റ് എന്ന സ്ഥാപനത്തിൽ നടന്നു വരുന്ന അഴിമതിയെക്കുറിച്ചും, ഇവിടെ നടക്കുന്ന വർക്കുകൾ യാതൊരു ടെൻഡർ മാനദണ്ഡവും ഇല്ലാതെ ഒന്ന് രണ്ട് വ്യക്തികൾക്ക് വേണ്ടി മാത്രം ഓപ്പൺ ടെൻഡർ ഇല്ലാതെ രഹസ്യമായി ക്വട്ടേഷൻ കൊടുക്കുന്നുയെന്നും മറ്റുമുള്ള ആരോപണം സംബന്ധിച്ച് ശ്രീ. മോഹൻകുമാർ.എസ്, ആർ.കെ. മന്ദിരം, മുട്ടത്തറ എന്നയാൾ സമർപ്പിച്ച പരാതിയിന്മേൽ 02.11.2023 തീയതിയിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ സി-ഡിറ്റിൽ നടത്തിയ മിന്നൽ പരിശോധനയുടെ ഭാഗമായി ഫയലുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ടെണ്ടർ നടപടി ക്രമങ്ങൾ യഥാവിധം പാലിക്കാതെയും പ്രൊക്വയർമെൻ്റ് സംബന്ധിച്ച് നിലവിലുള്ള നിബന്ധനകളും മാനദണ്ഡങ്ങളും പാലിക്കാതെയും സി-ഡിറ്റിൽ പ്രൊക്വർമെന്റ് നടത്തി വരുന്നതായി കണ്ടെത്തിയിട്ടുണ്ട് .

ടി വിഷയത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകുന്ന കാര്യം പരിശോധിക്കുന്നതിന് മുന്നോടിയായി ഐ.ടി വകുപ്പിന്റെ കീഴിലുള്ള ഒരു അഡീഷണൽ സെക്രട്ടറി ഈ വിഷയം പരിശോധിക്കുവാനും വകുപ്പുതല പരിശോധന രണ്ടാഴ്ചക്കകം പൂർത്തീകരിച്ചു റിപ്പോർട്ട് സമർ പ്പിക്കുവാനും <u>ബഹു.മുഖ്യമന്ത്രി ഉത്തരവ് നല്കിയിട്ടുള്ളതാണ്.</u> പ്രസ്തുത സാഹചര്യത്തിൽ ഐ.ടി വകുപ്പിന്റെ കീഴിലുള്ള ഒരു അഡീഷണൽ സെക്രട്ടറി വിഷയം സംബന്ധിച്ചു വകുപ്പുതല പരിശോധന നടത്തേണ്ടതാണെന്നും പരിശോധന രണ്ടാഴ്ചക്കകം പൂത്തീകരിച്ച് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും ആ വകുപ്പിന് നിർദ്ദേശം നൽകാവുന്നതാണ്.(*സൂചനയിലെ മിന്നൽ പരിശോധന റിപ്പോർട്ടിന്റെയും അനുബന്ധങ്ങളുടെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു*) .

സംഗീത ടി എസ്
ഡെപ്യൂട്ടി സെക്രട്ടറി

വിവരസാങ്കേതിക വകുപ്പിന്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.